ലഭ്യമാക്കുന്ന ഏകജാലക സംവിധാനമായ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ സർക്കാർ തലത്തിലും ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കിവരുന്നുണ്ട്.

ഐ.ടി. രംഗത്ത് കടന്നുവരുന്ന പുത്തൻ വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. കേരള വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. 618 ലക്ഷം രൂപ മുതൽമുടക്ക് വരുന്ന 6 പദ്ധതികൾ പൂർത്തിയാക്കുകയും 76 ലക്ഷം രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി നിർമ്മാണ ഘട്ടത്തിലുമാണ്.

(ബി, സി) ഉണ്ട്. കെ.എസ്.ഐ.ഡി.സി.-യും കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോണുമായി (എസ്.ഇ.ഇസഡ്.) ചേർന്ന് ഐ.ടി. പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിൻ ഷിപ്പ്യാഡുമായി ചേർന്ന് 65 കോടി രൂപ മുതൽമുടക്ക് വരുന്ന ഐ.ടി. പാർക്ക് സ്ഥാപിക്കുവാൻ കെ.എസ്.ഐ.ഡി.സി. ആലോചിച്ച് വരുന്നു. മുത്തൂറ്റ് ഗ്രൂപ്പ് കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോണിൽ സ്ഥാപിക്കുന്ന ഐ.ടി. പാർക്കിൽ കെ.എസ്.ഐ.ഡി.സി. സഹകരിക്കുന്നുണ്ട്.

(ഡി) കാർഷിക മേഖലയിൽ കൃഷിക്കാരുടെ ആവശ്യകത ലക്ഷ്യമാക്കി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്, കേരളയുടെ ആഭിമുഖ്യത്തിൽ കർഷകർക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള കിസാൻ, കേരള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ആലോചന ഉണ്ട്. ചെറുകിട വ്യവസായം, ഊർജ്ജ സംരക്ഷണം തുടങ്ങി ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഐ.ടി.-യുമായി ബന്ധപ്പെട്ട് മറ്റ് പരിപാടികൾ ആവിഷ്കരിച്ചിട്ടില്ല.

ഐ.ടി. വ്യവസായത്തെ ആകർഷിക്കുവാനുള്ള പദ്ധതികൾ

64 [1203] ശ്രീ. വർക്കല കഹാർ:
,, ജോർജ് ജെ. മാത്യു:
,, കെ. മുഹമ്മദാലി:
,, സി. പി. മുഹമ്മദ്:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. വ്യവസായത്തെ ആകർഷിക്കുവാൻ എന്തെല്ലാം പദ്ധതികൾ വരുന്നുവെന്നും ഈ രംഗത്ത് ഇപ്പോൾ എന്തു തുകയുടെ നിക്ഷേപം ഉണ്ടെന്നും പറയുമോ;

(ബി) അതിന്റെ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തേക്ക് ഐ.ടി. വ്യവസായത്തെ ആകർഷിക്കുന്നതിന്റെ ഭാഗമായി നിക്ഷേപകർക്കുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു ഐ.ടി. ഇൻഡസ്ട്രി/ഇൻസെന്റീവ് നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വൻകിട ഐ.ടി.

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപകരെ ആകർഷിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് ഒരു Special Incentive Package-ഉം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ 10 വൻകിട നിക്ഷേപകർക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് നിബന്ധനകൾക്ക് വിധേയമായി സബ്സിഡി തുക മുൻകൂറായി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. രണ്ട് ലക്ഷം ചതുരശ്ര അടിയിലധികം വിസ്തീർണ്ണമുള്ള ഐ.ടി. സംരംഭങ്ങൾക്കും 1,000 പേർക്കെങ്കിലും ഒരു വർഷക്കാലയളവിൽ പരിശീലന സൗകര്യം ഏർപ്പെടുത്തുന്ന കമ്പനികൾക്കും 10 കോടി രൂപ നിക്ഷേപം നടത്തുന്ന കമ്പനികൾക്കുമായി നിജപ്പെടുത്തിക്കൊണ്ട് 50 ലക്ഷം രൂപ ഒറ്റത്തവണയായി ആനുകൂല്യം നൽകുന്നതിനുദ്ദേശിച്ചുള്ള ഒരു പയനീർ കമ്പനി ഇൻസെന്റീവ് സ്കീമിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിലും കൊച്ചി ഇൻഫോ പാർക്കിലും ആഗോളനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്. കമ്പനികളെ ആകർഷിക്കുവാൻ ഫലപ്രദമായ വിപണന തന്ത്രങ്ങൾ മെനഞ്ഞിട്ടുണ്ട്. ഭാരതത്തിലും വിദേശത്തും നടക്കുന്ന പ്രധാന എക്സിബിഷനുകളിൽ പങ്കെടുക്കാറുണ്ട്. മാനവ വിഭവശേഷിയുടെ വളർച്ചയ്ക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

ഇതിനുപുറമെ ഐ.ടി. വ്യവസായത്തെ ആകർഷിക്കുന്നതിനായി KSIDCതാഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

(1) നവ വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായമേകാനായി കേരള വെൻച്വർ കാപ്പിറ്റൽ ഫണ്ട് പ്രവർത്തനമാരംഭിച്ചു.

(2) കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക്സോണുമായി (എസ്.ഇ.ഇസഡ്.) ചേർന്ന് ഐ.ടി. പാർക്ക് സ്ഥാപിക്കുകയുണ്ടായി.

(3) കൊച്ചിൻ ഷിപ്പ്യാർഡുമായി യോജിച്ച് 65 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതാണ്.

(4) മുത്തൂറ്റ് ഗ്രൂപ്പ് കൊച്ചിയിൽ സ്പെഷ്യൽ ഇക്കണോമിക് സോണിൽ സ്ഥാപിക്കുന്ന ഐ.ടി. പാർക്കിൽ കെ.എസ്.ഐ.ഡി.സി. പങ്കാളിയാവുന്നതാണ്.

കൂടാതെ ഐ.ടി. സംരംഭകരെ ആകർഷിക്കുന്നതിനായി കോവളം, കഴക്കൂട്ടം ദേശീയപാതയിൽ ഐ.ടി. കോറിഡോർ പദ്ധതി നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്ത് ഉദ്ദേശം 4,807 കോടി രൂപ നിക്ഷേപം ഐ.ടി. രംഗത്ത് ഉണ്ട്.

(ബി) ഉദ്ദേശം 150 കോടി രൂപയുടെ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് ഉണ്ടായിട്ടുണ്ട്.

കമ്പ്യൂട്ടർ സാക്ഷരത

65 [1204] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, കെ. മുഹമ്മദാലി:
,, സി. പി. മുഹമ്മദ്:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly